എഫ് 2. 38481/87

മുഖ്യ വനപാലക കാര്യാലയം
തിരുവനന്തപുരം
തീയതി 6-11-1987

മുഖ്യവനപാലകൻ

സർ,

വിഷയം - തേക്കുകഴകൾ സൗജന്യ നിരക്കിൽ ആവശ്യപ്പെട്ടുകൊണ്ടു പഴഞ്ഞി ജോയിന്റ് ഫാമിംഗ് കോപ്പറേറ്റീവ് സൊസൈറ്റി ബോധിപ്പിച്ച അപേക്ഷ സംബന്ധിച്ച്

സൂചന -

------

തൃശൂർ മദ്ധ്യമേഖല വനപാലകൻ താഴെ പറയുന്ന കാര്യങ്ങൾ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

പൊന്നാനിതലപ്പിള്ളിതാലൂക്കുകളിൽപെട്ടകോൾ നിലങ്ങൾ വെള്ളംവറ്റിച്ചു കൃഷിയിറക്കുന്നതിനുള്ള ബൺട് പഴഞ്ഞി ജോയിന്റ് ഫാമിംഗ് കോപ്പറേറ്റുവ് സൊസൈറ്റിയാണ് എല്ലാ വർഷവും ചെയ്തുകെണ്ടിരിക്കുന്നത്. ഓരോവർഷവും കൃഷിയിറക്കേണ്ട സമയത്തു താൽകാലിക ബണ്ടുനിർമ്മിക്കുകയാണു പതിവ്. ഇങ്ങനെ നിർമ്മിക്കുന്ന ബണ്ട് അതിവർഷം മൂലം പലയിടങ്ങളിലും പൊട്ടാറുണ്ട്. ഇങ്ങനെ പൊട്ടുന്ന സ്ഥലത്ത് കഴകൾ അടച്ചുകൊടുക്കുന്നതിനുവേണ്ടി ടി സൊസൈറ്റി 250 നാലാംതരം കഴകളും 200 അഞ്ചാംതരം കഴകളും ആവശ്യപെട്ടിട്ടുണ്ട്.

സൊസൈറ്റിയുടെ ആവശ്യം വിശദമായി അന്വേഷിച്ചതിൽ ടി കഴകൾ അനുവദിക്കാവുന്നതാണ്. തൃശ്ശൂർ മണ്ഡല വനപാലകന്റെ റിപ്പോർട്ടുപ്രകാരം മേൽപറഞ്ഞ ആവശ്യത്തിലേക്കായി 18 മൂന്നാംതരം കഴകളും 300 നാലാംതരം കഴകളും 150 അഞ്ചാംതരം കഴകളും ആവശ്യമായി വരുന്നതാണ്. എന്നാൽ ഇത്രയും കഴകൾ ഇപ്പോൾ തൃശ്ശൂർ ഡിവിഷനിൽ ലഭ്യമല്ല. മണ്ഡലവനപാലകന്റെ റിപ്പോർട്ടുപ്രകാരം ഇപ്പോൾ മച്ചാട്ട് റയിഞ്ചിൽ 13 നാലാംതരം കഴകളും 60 മൂന്നാംതരം കഴകളും മാത്രമേ ലഭ്യമായിട്ടുള്ളു. എന്നാൽ സർക്കാർ ഉത്തരവു വരുന്ന മുറക്കു അപ്പോൾ ആവശ്യമുള്ള കഴകൾ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

സൊസൈറ്റിയുടെ ആവശ്യത്തിലേക്കായി ഇത്രയും കഴകൾ സർക്കാർ ഉത്തരവു വരുന്നതതുവരെ റിസർവുചെയ്തുവെക്കുന്നത് സർക്കാർ താൽപര്യത്തിനു ഹാനികരമാണ്. കൂടാതെ സൊസൈറ്റി കഴകൾ സൗജന്യമായി അനുവദിക്കുവാനാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.നിലവിലുള്ള നിയമപ്രകാരം സർക്കാരിനു മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ ഇതൊരു കാർഷിക ആവശ്യത്തിലേക്കായതിനാൽ ഇക്കാര്യം പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ടി സൊസൈറ്റിയിക്ക് ഗവൺമെന്റ് ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കു (കേരള ഇലക്ട്രിസിറ്റിബോർഡ് മുതലായവ)കഴകൾ നൽകുന്ന നിരക്കിൽ 18 മൂന്നാംതരം തേക്കുകഴകളും 300 നാലാംതരം തേക്കുകഴകളും 150 അഞ്ചാംതരം തേക്കുകഴകളും ലഭ്യത അനുസരിച്ചു പഴഞ്ഞി ജോയിന്റ് ഫാമിംഗ് കോപ്പറേറ്റീവ് സൊസൈറ്റിക്കു തൃശ്ശൂർ ഡിവിഷനിൽനിന്നുംനൽകാൻവേണ്ട ഉത്തരവിനായി ശുപാർശചെയ്യുന്നു.

സൊസൈറ്റി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്കു അയച്ച അസ്സൽ അപേക്ഷ അനന്തര നടപടികൾക്കായി ഇതോടൊപ്പം തിരികെ അയക്കുന്നു. ടി സൊസൈറ്റി 5-2-87-ൽ തൃശ്ശൂർ മൺഡല വനപാലകന് ഇപ്പോൾ ആവശ്യമായ കഴകളുടെ വിശദവിവരമടങ്ങിയ കത്തിന്റെ പകർപ്പും ഇതോടൊപ്പം അയക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,

മുഖ്യപാലകനുവേണ്ടി

പകർപ്പ് തൃശ്ശൂർ മദ്ധ്യമേഖല വനപാലകന്റെ അറിവിലേക്കായി അയക്കുന്നു.
(നംപർ എ1-598/86)

വി 9.11